# പതിനാലാം കേരള നിയമസഭ
## നാലാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.3150** **13.03.2017 ൽ മറുപടിയ്ക്ക്**

## തരിശുഭൂമികളിൽ കൃഷി ചെയ്യാൻ പദ്ധതികൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. വി.കെ. സി. മമ്മത് കോയ<br>ശ്രീ. കെ.ആൻസലൻ<br>ശ്രീ. എം. നൗഷാദ്<br>ശ്രീ. വി. അബ്ദുറഹിമാൻ | ശ്രീ. വി.എസ്.സുനിൽ കുമാർ<br>(കൃഷി വകുപ്പ് മന്ത്രി) |

| | ചോദ്യം | | മറുപടി |
|---|---|---|---|
| എ) | സംസ്ഥാനത്തെ തരിശുഭൂമികളിൽ കൃഷി ചെയ്യുന്നതിന് നിലവിൽ എന്തൊക്കെ പദ്ധതികളാണ് നടപ്പിലാക്കിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; | എ) | തരിശുഭൂമിയിൽ കൃഷി ചെയ്യുന്നതിന് താഴെ പറയുന്ന പദ്ധതികളാണ് നടപ്പിലാക്കിയിട്ടുള്ളത്.<br>1. നെൽകൃഷി വികസന പദ്ധതിയുടെ ഭാഗമായി തരിശുനിലത്തിൽ നെൽകൃഷി പുനരാരംഭിക്കുന്നതിന് തുടർച്ചയായി 3 വർഷം ധനസഹായം നല്കുന്നു. ഒന്നാംവർഷം ഹെക്ടറിന് 30,000/-രൂപാ നിരക്കിൽ ധനസഹായം നൽകിവരുന്നു. ഇതിൽ 25,000/-രൂപ കർഷകനും, 5,000/-രൂപ നിലമുടമയ്ക്കുമാണ് നല്കുന്നത് ഒന്നാം വർഷ കൃഷിയിൽ സുസ്ഥിരത കൈവരിക്കുന്നതിനായി രണ്ടും മൂന്നും വർഷങ്ങളിൽ ഹെക്ടറിന് യഥാക്രമം 7,000/-രൂപയും 4,500/-രൂപയും നൽകുന്നു.<br>2. പച്ചക്കറി കൃഷി വികസന പദ്ധതിയുടെ ഭാഗമായി തരിശു ഭൂമിയിൽ പച്ചക്കറി കൃഷി ചെയ്യുന്നതിന് ഹെക്ടറിന് 30,000/- രൂപ നിരക്കിൽ ധനസഹായം നൽകിവരുന്നുണ്ട്. ഇതിൽ 25,000/-രൂപ കർഷകനും 5,000/-രൂപ നിലംഉടമയ്ക്കുമാണ് നല്കുന്നത്. |
| ബി) | പച്ചക്കറികൾക്കും ഫലവർഗ്ഗങ്ങൾക്കുമായി അന്യസംസ്ഥാനങ്ങളെ കൂടുതൽ ആശ്രയിക്കേണ്ടിവരുന്നതിന് ഒരു പരിഹാരമെന്ന നിലയിൽ, തരിശായി കിടക്കുന്ന | ബി) | സംസ്ഥാന സർക്കാർ പ്രഖ്യാപിച്ച 'ഹരിതകേരളം' പദ്ധതിയിൽ കാർഷിക മേഖലയിൽ നടപ്പിലാക്കുന്ന പ്രധാന പ്രവർത്തികളിലൊന്ന് കൃഷിയോഗ്യമായ തരിശ് നിലങ്ങളിലെല്ലാം തന്നെ കൃഷി ആരംഭിക്കുക എന്നതാണ്. തിരശ് നിലകൃഷി ഒരു പ്രധാന ഘടകമാക്കികൊണ്ട് കാർഷിക മേഖലയിൽ |

| | |
|---|---|
| പ്രദേശങ്ങളിൽ പൊതുജനങ്ങളുടെയും തദ്ദേശ സ്ഥാപനങ്ങളുടെയും പങ്കാളിത്തത്തോടെ കൃഷി ചെയ്യുവാൻ പദ്ധതികൾ ആവിഷ്കരിക്കുമോ; | നടത്തുന്ന പ്രവർത്തനങ്ങൾ 'സുജലം സുഫലം' എന്ന പദ്ധതിയായാണ് നടപ്പിലാക്കുന്നത്. ഇത് പൊതുജനങ്ങളുടെയും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെയും വിവിധ വികസന വകുപ്പുകളുടെയും കൈകോർത്തുള്ള പ്രവർത്തനവും പങ്കാളിത്തവും ഉറപ്പാക്കിയാണ് നടപ്പിലാക്കുന്നത്. |
| സി) ഇപ്രകാരമുള്ള കൃഷിയ്ക്ക് പലിശരഹിത വായ്പ നൽകുന്നതിനും ഇൻഷ്വറൻസ് ഏർപ്പെടുത്തുന്നതിനും നടപടി സ്വീകരിക്കുമോ? | സി) കാർഷിക വിളകൾക്ക് ഇൻഷ്വറൻസ് പരിരക്ഷ ലഭിക്കുന്നതിനായി കാർഷിക വികസന കർഷകക്ഷേമ വകുപ്പ് സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതിയും കേന്ദ്ര-സംസ്ഥാന സർക്കാരുകൾ സംയുക്തമായി നടപ്പിലാക്കുന്ന കാലാവസ്ഥാധിഷ്ഠിത വിള ഇൻഷ്വറൻസ് പദ്ധതി, 'പ്രധാനമന്ത്രി ഫസൽഭീമായോജന', 'കേരവൃക്ഷ ഇൻഷ്വറൻസ് പദ്ധതി' എന്നിവ നടപ്പിലാക്കിവരുന്നു |

**സെക്ഷൻ ഓഫീസർ**